# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 8130:** **24/07/2012- ൽ മറുപടിക്ക്**

**കാർഷിക മേഖലയും ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്കും നൽകുന്ന സഹായങ്ങൾ**

**ചോദ്യം** **ഉത്തരം**

**ശ്രീ. പി.കെ.ബഷീർ**
**,, സി. മോയിൻ കുട്ടി**
**,, എൻ. ഷംസുദ്ദീൻ**
**,, പി. ഉബൈദുള്ള**

**ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കാർഷിക മേഖലയുടെ വളർച്ച ലക്ഷ്യമിട്ട് വ്യവസായ വകുപ്പ് നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ; | (എ) & (ബി) | കാർഷികാധിഷ്ഠിത- ഭക്ഷ്യ സംസ്കരണ മേഖലയിൽ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വികസനം മുൻനിർത്തി സംരംഭകത്വ സഹായ പദ്ധതി (ഇ.എസ്.എസ്) എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഒരു പ്രധാനപ്പെട്ട മേഖലയായി ഭക്ഷ്യ സംസ്കരണ വ്യവസായത്തെ അംഗീകരിച്ചിട്ടുണ്ട്. പരമ്പരാഗത ഭക്ഷ്യാധിഷ്ഠിത വ്യവസായ ക്ലസ്റ്ററുകൾ സ്ഥാപിക്കുക, ഭക്ഷ്യ സംസ്കരണത്തിൽ സംരംഭകത്വ വികസന പദ്ധതികൾ സംഘടിപ്പിക്കുക, പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുക, ഈ മേഖലയിൽ പുതിയ പാക്കേജിംഗ് രീതികളിൽ അവബോധം സൃഷ്ടിക്കുക, ഫുഡ് പാർക്കുകളിൽ പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുക, ഗവേഷണ വികസന സ്ഥാപനങ്ങൾ വികസിപ്പിച്ച നൂതന സാങ്കേതിക വിദ്യകൾ സ്വായത്തമാക്കുക എന്നിവയാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിട്ടിരിക്കുന്നത്. പഴം, പച്ചക്കറി സംസ്കരണ യൂണിറ്റുകൾക്ക് അവയുടെ വാർഷിക വിറ്റ് വരവിന്റെ 5 % സബ്സിഡിയായി നൽകുന്നതിനും ഈ വിഹിതം വിനിയോഗിക്കുന്നു. 2011-12 വർഷത്തിൽ 300 ലക്ഷം രൂപ ഇതിനായി വിനിയോഗിച്ചിട്ടുണ്ട്.<br><br>ഈ പദ്ധതി മുഖേന ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്ക് സബ്സിഡി നൽകുന്നതിന് |
| (ബി) | ഇതോടനുബന്ധിച്ച് ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്ക് നൽകുന്ന പ്രത്യേക സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. മേൽ വിഭാഗം ഊന്നൽ വ്യവസായമായിതിനാൽ 5 % അധിക സബ്സിഡി നൽകുന്നതാണ്. കൂടാതെ ടി വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനായി പ്രദർശന വിപണന മേളകളും സംഘടിപ്പിക്കുന്നു. |
| **(സി)** | സ്ത്രീ സംരംഭകർക്ക് ഈ മേഖലയിൽ പ്രോത്സാഹനം നൽകുന്നതിനായി എന്തെങ്കിലും പ്രത്യേക പരിപാടികൾ നടപ്പാക്കുന്നുണ്ടോ? | **(സി)** | മുൻ വർഷത്തിൽ സ്ത്രീ സംരംഭകർക്ക് വനിതാ വ്യവസായ പദ്ധതി (ഡബ്ല്യൂ ഐ എസ്) സ്കീം മുഖേന 200 ലക്ഷം രൂപ ധനസഹായം താഴെപ്പറയുന്ന ആവശ്യങ്ങൾക്ക് നൽകിയിരുന്നു.<br>1. മാനേജ്മെന്റിനും വിപണനത്തിനും ആവശ്യമായ ശേഷി വികസനത്തിനുമുള്ള പരിശീലനം കൊടുക്കുക.<br>2. പുതിയ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ബാങ്ക് വായ്പയും മാർജിൻ മണി ഗ്രാന്റും നൽകുക.<br>സ്ത്രീകൾ ആരംഭിക്കുന്ന ടി വ്യവസായ സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 20% പരമാവധി 15 ലക്ഷം രൂപ വരെ സഹായം നൽകുന്നതിന് പുതിയ സ്കീമിൽ വിഭാവനം ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**